**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2834** **28-10-2026-ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള വിദ്യാഭ്യാസവും പ്രവേശന പരീക്ഷാ പരിശീലനവും**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. എ. സി. മൊയ്തീൻ

പ്രൊഫ. സി. രവീന്ദ്രനാഥ്

ശ്രീ. എ. പ്രഭാകരൻ

ശ്രീ. ടി. എം. ശശി

**മറുപടി നൽകിയ മന്ത്രി**

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

**(എ)** മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസത്തിനും പ്രവേശന പരീക്ഷാ പരിശീലനത്തിനും സഹായം നൽകുന്നതിനായി മുൻ സർക്കാർ നടപ്പിലാക്കിയ വിദ്യാതീരം പദ്ധതി ഈ സർക്കാരും തുടരുന്നുണ്ടോയെന്ന് വിശദമാക്കാമോ;

**മറുപടി:** മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസത്തിനും പ്രവേശന പരീക്ഷാ പരിശീലനത്തിനും സഹായം നൽകുന്നതിനായുള്ള വിദ്യാതീരം പദ്ധതി ഈ സർക്കാരും തുടരുന്നുണ്ട്.

വിദ്യാതീരം പദ്ധതിയിൽ മെഡിക്കൽ, ഐ.ഐ.ടി. പ്രവേശന പരീക്ഷാ പരിശീലനത്തിനു പുറമേ, മത്സ്യത്തൊഴിലാളികളുടെ മക്കൾക്കായി സിവിൽ സർവ്വീസ് പരിശീലനം, വിദേശ ഭാഷാ കോച്ചിംഗ്, നിയമ ബിരുദ പ്രവേശന പരീക്ഷാ പരിശീലനം, അക്കൗണ്ടിംഗ് പരിശീലനം എന്നിവയും ലക്ഷ്യം വച്ചുകൊണ്ട് സമർപ്പിച്ച പ്രൊപ്പോസലിന് ഭരണാനുമതി നൽകുകയും ഫിഷറീസ് ഡയറക്ടർ തുടർനടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്.

**(ബി)** മെഡിക്കൽ, ഐ.ഐ.ടി. പ്രവേശന പരീക്ഷകൾക്ക് സഹായം നൽകുന്ന ഈ പദ്ധതിക്കു പുറമേ തീരദേശ യുവജനങ്ങൾക്ക് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി സർക്കാർ പുതിയ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** കേരള നോളജ് ഇക്കോണമി മിഷനുമായി ചേർന്ന് തൊഴിൽ മേളകൾ സംഘടിപ്പിക്കുന്ന തൊഴിൽ തീരം പദ്ധതിയുടെ നിലവിലെ പുരോഗതി എന്താണെന്ന് വ്യക്തമാക്കാമോ ;

**മറുപടി:** നടപ്പ് വർഷം തൊഴിൽ വകുപ്പുമായി ചേർന്ന് മത്സ്യമേഖലയിലെ അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് ഉപകാരപ്രദമായ പദ്ധതികൾ നടപ്പിലാക്കുന്നതിനായി തീരോന്നതി പദ്ധതിയിലെ നൈപുണ്യതീരം ഘടക പദ്ധതിക്കായി ഭരണാനുമതി നൽകിയിട്ടുണ്ട്.

**(ഡി)** മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദേശ സർവകലാശാലകളിൽ പഠിക്കുന്നതിനും പോസ്റ്റ് മെട്രിക് കോഴ്സുകൾക്കും നൽകിവരുന്ന സ്കോളർഷിപ്പുകളുടെ വിതരണം നിലവിൽ യഥാസമയം നടക്കുന്നുണ്ടോയെന്നും ഈ സർക്കാർ നൂറുദിന പരിപാടിയുടെ ഭാഗമായി വിദ്യാഭ്യാസ മേഖലയിൽ പുതിയതായി എന്തെല്ലാം മാറ്റങ്ങളാണ് കൊണ്ടുവന്നിട്ടുള്ളതെന്നും വിശദമാക്കാമോ?

**<u>മറുപടി:</u>** 2026-27 സാമ്പത്തിക വർഷം പോസ്റ്റ്മെട്രിക് വിദ്യാഭ്യാസാനുകൂല്യമായി മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിതരണം ചെയ്യുന്നതിനായി 42.5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അതിൽ മുൻ വർഷങ്ങളിലെ കുടിശ്ശിക ഉൾപ്പെടെ 36.82 കോടി രൂപ ഇതിനകം വിതരണം ചെയ്തിട്ടുണ്ട്. തുടർന്ന് ഇ-ഗ്രാന്റ്സ് പോർട്ടലിൽ ലഭ്യമാകുന്ന അപേക്ഷകൾക്ക് അർഹമായ തുക അനുവദിക്കുന്നതിന് സത്വര നടപടിയും സ്വീകരിച്ചുവരുന്നു.

സർക്കാരിന്റെ നൂറുദിന പരിപാടികളുടെ ഭാഗമായി കുടിശ്ശിക ഉൾപ്പെടെ അർഹരായ എല്ലാ വിദ്യാർത്ഥികൾക്കും യഥാസമയം സ്കോളർഷിപ്പ് തുക ലഭ്യമാക്കാനും നൈപുണ്യ വികസനത്തിന് കൂടുതൽ ഊന്നൽ നൽകാനും സാധിച്ചിട്ടുണ്ട്. കൂടാതെ മുൻ വർഷത്തിൽ നിന്നും വ്യത്യസ്തമായി 130 നിന്നും 150 കുട്ടികൾക്ക് മെഡിക്കൽ എൻട്രൻസ് കോച്ചിംഗിനുള്ള അവസരവും വിദേശ ഭാഷാ പരിശീലനം, നിയമ ബിരുദ പ്രവേശന പരീക്ഷാ പരിശീലനം, അക്കൗണ്ടിംഗ് പരിശീലനം എന്നിവയുൾപ്പെടുത്തി വിദ്യാഭ്യാസ മേഖലയിൽ പുതിയ മാറ്റങ്ങൾ കൊണ്ടുവരാനും ഉദ്ദേശിക്കുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**